# Deshabimani
# 13 July 2018
# Kochi : Flood, Destruction of crops



# മഴയ്ക്കും ഒരവധി; അതുമില്ലാതെ കെടുതി

**കൊച്ചി**

വ്യാഴാഴ്ച പകൽ മഴയ്ക്ക് ശമനം ഉണ്ടായെങ്കിലും മഴക്കെടുതികൾ തുടരുകയാണ്. കഴിഞ്ഞദിവസം പെയ്ത മഴയിൽ ജില്ലയിൽ 3,06,500 രൂപയുടെ കൃഷിനാശം ഉണ്ടായതായി ജില്ലാ അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രം റിപ്പോർട്ട്ചെയ്തു. 0.726 ഹെക്ടർ കൃഷിയാണ് നശിച്ചത്. നാലു വീടുകൾക്ക് ഭാഗികനാശമുണ്ടായി. കോതമംഗലം, പറവൂർ താലൂക്കുകളിൽ രണ്ടുവീതം വീടുകളെയാണ് കാലവർഷം ബാധിച്ചത്. 32,000 രൂപയുടെ നഷ്ടം കണക്കാക്കുന്നു. മഴമൂലം നെടുമ്പാശേരിയിൽ വിമാനങ്ങൾ വൈകിയത് യാത്രക്കാരുടെ പ്രതിഷേധത്തിനിടയാക്കി.

- ജില്ലയിൽ രണ്ടാഴ്ചയ്ക്കിടെ 4.88 കോടി രൂപയുടെ കൃഷി നാശം
- 16 വരെ മഴ തുടരുമെന്ന് മുന്നറിയിപ്പ്
- 55 കിലോമീറ്റർ വേഗത്തിൽ കാറ്റടിക്കുമെന്നും കാലാവസ്ഥാ കേന്ദ്രം

ജൂൺ 29 മുതൽ പെയ്ത മഴയിൽ ജില്ലയിലാകെ 4.88 കോടി രൂപയുടെ കൃഷിനാശം ഉണ്ടായി. വ്യാഴാഴ്ച വൈകിട്ട് വരെയുള്ള 24 മണിക്കൂറിൽ മാത്രം 3.65 ലക്ഷം രൂപയുടെ കൃഷിയാണ് നശിച്ചത്. വാഴ, റബർ, കവുങ്ങ്, തെങ്ങ് തുടങ്ങിയ വിളകളെയും പച്ചക്കറിക്കൃഷിയെയുമാണ് മഴ കൂടുതൽ ബാധിച്ചത്. താഴ്ന്ന പ്രദേശങ്ങൾ ഇപ്പോഴും വെള്ളക്കെട്ടിലാണ്. പെരിയാർ കരകവിഞ്ഞ് ഒഴുകുകയാണ്. വൈപ്പിൻപ്രദേശങ്ങളായ സൗത്ത് പുതുവൈപ്പ്, എടവനക്കാട്, മുട്ടുങ്കൽചിറ, മാലിപ്പുറം തുടങ്ങിയ സ്ഥലങ്ങൾ ഇപ്പോഴും വെള്ളത്തിലാണ്. മരടിലെ താഴ്ന്ന പ്രദേശങ്ങളിലും വെള്ളം കയറിയത് മാറിയിട്ടില്ല. മട്ടാഞ്ചേരിയിൽ കൂവപ്പാടം, പാണ്ടിക്കുടി, ക്യാമ്പിരി റോഡ്, സ്റ്റാച്യു ജങ്ഷൻ എന്നിവിടങ്ങളിലും വെള്ളക്കെട്ട് രൂക്ഷമാണ്. ആലങ്ങാട് തിരുമാലൂർ നാലുസെന്റ് കോളനി, പെരിയാർവാലി കനാലിനുസമീപം താമസിക്കുന്ന വീടുകളിലും വെള്ളം കയറി.

ഇടതടവില്ലാതെ പെയ്ത മഴയിൽ വെള്ളക്കെട്ടിലായ എംജി റോഡ്

നഗരത്തിലെ താഴ്ന്നപ്രദേശങ്ങളിലും വെള്ളക്കെട്ട് തുടരുകയാണ്. കെഎസ്ആർടിസി ബസ്സ്റ്റാൻഡ് പരിസരത്താണ് ഏറ്റവും കൂടുതൽ ദുരിതം. മലിനജലം ബസ്സ്റ്റാൻഡിനുള്ളിലേക്ക് കയറുന്നതിനാൽ യാത്രക്കാർ ബുദ്ധിമുട്ടിലാണ്. സൗത്ത് റെയിൽവേ സ്റ്റേഷനിലേക്കുള്ള വഴിയും മെട്രോ നിർമാണംമൂലം ചളിനിറഞ്ഞ അവസ്ഥയിലാണ്. കാനകൾ നിറഞ്ഞുകവിഞ്ഞതിനാൽ വെള്ളം പുറത്തേക്കൊഴുകുന്നത് കാൽനടക്കാരെ ബുദ്ധിമുട്ടിലാക്കി. 16 വരെ മഴ തുടരുമെന്നാണ് കാലാവസ്ഥാ കേന്ദ്രം നൽകുന്ന മുന്നറിയിപ്പ്. മണിക്കൂറിൽ 55 കിലോമീറ്റർ വേഗത്തിൽ കാറ്റടിക്കുമെന്നതിനാൽ മത്സ്യബന്ധന തൊഴിലാളികൾ ജാഗ്രതപാലിക്കാനും നിർദേശമുണ്ട്.